# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **250**

**15.12.2015 ൽ മറുപടിക്ക്**

## സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം പ്രതിസന്ധിയിലായിട്ടുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ: | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഉച്ചഭക്ഷണ പദ്ധതിക്ക് നൽകുന്ന തുക പ്രസ്തുത പദ്ധതി സുഗമമായി നടത്തുന്നതിന് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) യും | പച്ചക്കറി, പലവ്യഞ്ജനം, പയർവർഗ്ഗങ്ങൾ, എണ്ണ, വിറക് എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണപദ്ധതി യുടെ നടത്തിപ്പിന് കണ്ടിജന്റ് ഇനത്തിൽ നൽകി വരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് സ്കൂൾ പ്രവൃത്തി ദിവസം കുട്ടിയൊന്നിന് 5/- രൂപ നിരക്കിൽ നൽകി വരുന്ന തുക കുട്ടിയൊന്നിന് 10/- രൂപ എന്ന നിരക്കിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) ഓരോ കുട്ടിക്കും ഉച്ചഭക്ഷണം നൽകുന്നതിന് നിലവിൽ എത്ര തുകയാണ് നൽകിവരുന്നത്; | (സി) യും | |
| (ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലയിലും പാചകക്കൂലിയിലും ഉണ്ടായ വർദ്ധനവ് മൂലമുണ്ടായ ബാദ്ധ്യത വഹിക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടെന്നറിയി ക്കുമോ: | (ഡി) യും (ഇ) യും | |
| (ഇ) പ്രസ്തുത സാഹചര്യത്തിൽ കണ്ടിജന്റ് ചാർജ് വർദ്ധിപ്പിക്കണമെന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ ആവശ്യം അംഗീകരിക്കാത്ത തിന്റെ കാരണം വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**